നമ്പർ. സി.ബി.(1)21846/09

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 9.11.2009

## സർക്കുലർ നമ്പർ 55/2009

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:
1) സഹകരണ സംഘം രജിസ്ട്രാറുടെ 02.11.2009 ലെ 53/2009 -ാം നമ്പർ സർക്കുലർ.
2) കേരള സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടറുടെ 31.10.2009 ലെ പി.ഡി.ഡി/77/3707/2009-10 നമ്പർ ഡി.ഒ കത്ത്

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാന സഹകരണ ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയും നിക്ഷേപ ബാക്കി നിൽപ്പും കണക്കിലെടുത്ത് സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന 180 ദിവസങ്ങൾക്ക് മുകളിൽ കാലാവധിയുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കിൽ ഭേദഗതി വരുത്തണമെന്ന് സൂചന 2 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ആയതു കൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപത്തിന് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 3.50 | 3.50 | 3.75 | 3.75 | 4.50 | 4.50 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 4.50 | 4.50 | 4.75 | 4.75 | 5.50 | 5.50 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 5.25 | 5.25 | 5.50 | 5.50 | 6.50 | 6.50 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.00 | 6.75 | 7.50 | 7.50 | 8.50 | 8.50 |
| 5 | 1 വർഷം മുതൽ 2 വർഷത്തിനു താഴെ വരെ | 8.00 | 7.00 | 8.50 | 8.50 | 9.50 | 9.50 |
| 6 | 2 വർഷത്തിനു മേൽ | 8.00 | 7.25 | 8.50 | 8.50 | 9.50 | 9.50 |

മേൽ നിരക്കുകൾക്കു പുറമെ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 1/2% നിരക്കിൽ അധിക പലിശ നൽകാവുന്നതാണ്. പുതുക്കിയ നിരക്കുകൾക്ക് 9.11.2009 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്
**റാണി ജോർജ്ജ്.ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിയണൽ ആഫീസ്, തിരുവനന്തപുരം
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും
6. ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
13. എഡിറ്റർ, സഹകരണ വീഥി
14. സ്റ്റോക്ക് ഫയൽ
15. സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)